**പതിനാലാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2745** 18/08/2017 -ൽ മറുപടിയ്ക്ക്

**സർക്കാർ സ്കൂളിലെ പുതിയ പ്രവേശനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ അദ്ധ്യയന വർഷത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര പുതിയ പ്രവേശനങ്ങളാണ് സർക്കാർ സ്കൂളുകളിൽ നടന്നത്; ജില്ല തിരിച്ചുള്ള കണക്കു നൽകുമോ; | (എ) 2017-18 അധ്യയനവർഷത്തിൽ സർക്കാർ സ്കൂളുകളിൽ കഴിഞ്ഞ വർഷത്തേക്കാൾ 70,026 കുട്ടികൾ പുതുതായി പ്രവേശനം നേടിയിട്ടുണ്ട്. പുതിയ പ്രവേശനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | കുട്ടികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5456 |
| കൊല്ലം | 5607 |
| പത്തനംതിട്ട | 838 |
| ആലപ്പുഴ | 2101 |
| കോട്ടയം | 1368 |
| ഇടുക്കി | 1922 |
| എറണാകുളം | 1667 |
| തൃശ്ശൂർ | 7631 |
| പാലക്കാട് | 8519 |
| മലപ്പുറം | 6813 |
| കോഴിക്കോട് | 11373 |
| വയനാട് | 2056 |
| കണ്ണൂർ | 9103 |
| കാസറഗോഡ് | 5572 |

| | |
|---|---|
| (ബി) ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വരും വർഷത്തെ പ്രവേശനോത്സവത്തിനു മുൻപ് മെച്ചപ്പെടുത്തുമോ; | (ബി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വരുംവർഷത്തെ പ്രവേശനോത്സവത്തിനു മുമ്പ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ |

സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിന്റെ കാരണങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരങ്ങൾ നിർ ദ്ദേശിക്കുന്നതിനുമായി ഒരു പഠനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭം കുറിച്ചിട്ടുണ്ട്. 45,000 ക്ലാസ്സ്മുറികൾ ഹൈടെക് ആക്കുന്നതിനും ഐ ടി ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടി കൾ ആരംഭിച്ചു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുക ളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റ് ആയി നടപ്പിലാക്കി. മുഴുവൻ വിദ്യാർത്ഥികളെയും മുന്നിൽ എത്തിക്കാ നുള്ള പരിഹാരപഠന ബോധന പരിപാടി-ശ്രദ്ധ, 1000 സർക്കാർ സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തി ലേയ്ക്ക് എത്തിയ്ക്കുക, എല്ലാ സ്കൂളുകളെയും കൂട്ടിയിണക്കുന്ന ബ്രോഡ്ബാന്റ് കണ ക്ഷൻ, 1 ലക്ഷം കുട്ടികളുടെ 'ഹൈസ്കൂൾ കുട്ടിക്കൂട്ടം' കൂട്ടായ്മ, 'സ്കൂൾ വിക്കി'-സ്കൂൾ വിവരങ്ങൾ വിരൽത്തുമ്പിൽ തുടങ്ങി വിവിധ പരിപാടികൾ പൊതുവിദ്യാ ഭ്യാസ സംരക്ഷണയജ്ഞം എന്ന ജനകീയ കൂട്ടായ്മയിലൂടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(സി) അദ്ധ്യാപക പരിശീലന പരിപാടികളും സമയബന്ധിതമായി പൂർത്തീകരി ക്കുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ?

(സി) സർക്കാർ സ്കൂളുകളിലെ അധ്യാപക പരിശീലന പരിപാടികൾ എല്ലാം സമയബന്ധിതമായി തന്നെ പൂർത്തീ കരിക്കാറുണ്ട്. ടി പരിപാടികൾക്ക് ഇതുവരെ തടസ്സങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ